**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ T 4614-</u>**

**<u>2018 മാർച്ച് 22-നുള്ള മറുപടിയ്ക്ക്</u>**

<u>സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ പദ്ധതി</u>

| | ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ പദ്ധതി ഇപ്പോൾ മരവിപ്പിച്ചിരിക്കുകയാണോ; എങ്കിൽ സാമ്പത്തിക പ്രതിസന്ധിയെ തുടർന്നാണോ ഈ നടപടി; വ്യക്തമാക്കാമോ; | സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ പദ്ധതി മരവിപ്പിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിന് ആവശ്യമായ തുക വിവിധ സർക്കാർ വകുപ്പുകളിലേക്ക് അലോട്ട് ചെയ്തു കഴിഞ്ഞു. ഇനി 2017-18 ലെ ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടികയിൽ അവശേഷിക്കുന്നവർക്കെല്ലാം ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിനാവശ്യമായ തുക 2018-19-ൽ അലോട്ട് ചെയ്യുന്നതായിരിക്കും. |
| (ബി) | ഈ സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാനത്ത് എത്ര പേരാണ് ഭവന നിർമ്മാണവായ്പയ്ക്കപേക്ഷിച്ചത്; ഇവർ ആവശ്യപ്പെട്ട തുക അനുവദിക്കാൻ എത്ര കോടി രൂപ കണ്ടെത്തേണ്ടിവരും; വ്യക്തമാക്കാമോ; | 2017-18 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ സംയോജിത ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടികയിൽ ആകെ 2889 അപേക്ഷകളാണുള്ളത് ഇത്രയും പേർക്ക് വായ്പ അനുവദിക്കുന്നതിന് ആകെ 426,82,48,700/- രൂപയാണ് വേണ്ടിയിരുന്നത് ഇതിൽ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളിലേക്ക് 50 കോടി രൂപ അലോട്ട് ചെയ്തു കഴിഞ്ഞു. കൂടാതെ 22 അപേക്ഷകളിലായി ആകെ 2,88,72,000/- രൂപ ഭവന നിർമ്മാണ വായ്പ ആവശ്യമില്ലെന്ന് ബന്ധപ്പെട്ട വകുപ്പ് തലവൻമാർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന അപേക്ഷകളിൽ വായ്പ അനിവദിക്കുന്നതിന് ആവശ്യമായിട്ടുള്ളത് 373,93,76,700/- രൂപയാണ്. |
| (സി) | ഭവന വായ്പ ലഭിക്കുമെന്ന പ്രതീക്ഷയിൽ ഇതിനകം വീട് നിർമ്മാണം ആരംഭിച്ചവർക്ക് ഇതുമൂലം നേരിടുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | 2017-18 വർഷത്തിലെ സംസ്ഥാനതല സംയോജിത ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടികയിൽ അവശേഷിക്കുന്ന മുഴുവൻപേർക്കും ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിന് ആവശ്യമായ തുക 2018-19-ൽ അലോട്ട് ചെയ്യുന്നതാണ്. |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈകൊള്ളും; ഭവന വായ്പ എന്നത്തേക്ക് പുനരാരംഭിക്കാനാകും; വിശദാംശം വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ